# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 220** **08/02/2016-ൽ മറുപടിയ്ക്ക്**

## മത്സ്യവിപണനശാലയും മണ്ണെണ്ണ ലഭ്യതയും

| ചോദ്യം<br>ശ്രീമതി. കെ. എസ്. സലീഖ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| എ) അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മത്സ്യവിപണനശാല നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കുമെന്ന 2014-15 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; | എ) യും ബി) യും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| ബി) എത്ര തദ്ദേശസ്ഥാപനങ്ങളിൽ പ്രസ്തുത രീതിയിലുള്ള വിപണനശാലകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | |
| സി) പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) മത്സ്യഫെഡിലൂടെ (മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷൻ) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി 2015 ജൂലൈ മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മത്സ്യഫെഡ് നേരിട്ട്, തീരദേശ ജില്ലകളിൽ 12 ബങ്കുകൾ സ്ഥാപിച്ച് നടപ്പിലാക്കി വരുന്നു. |
| ഡി) സബ്സിഡി നിരക്കിൽ മണ്ണെണ്ണയ്ക്ക് അർഹതയുള്ള എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട് ; ഇവരിൽ എത്ര പേർക്ക് ഇനിയും സബ്സിഡി നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാനുണ്ട്; വ്യക്തമാക്കാമോ; | ഡി) 2012-ലെ സംയുക്ത എൻജിൻ പരിശോധനയിൽ അർഹരായ 15278 മത്സ്യത്തൊഴിലാളികളും സബ്സിഡി നിരക്കിലുള്ള വെള്ള മണ്ണെണ്ണക്ക് അർഹതയുള്ളവരാണ്. എന്നാൽ ഇവരിൽ 13317 പേരാണ് മത്സ്യഫെഡ് വഴിയുള്ള സബ്സിഡി വെള്ള മണ്ണെണ്ണക്ക് അപേക്ഷിച്ചിട്ടുള്ളതും മത്സ്യഫെഡിന്റെ പെർമിറ്റ് കാർഡ് ലഭ്യമായിട്ടുള്ളതും. 2015-ൽ നടന്ന സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ അർഹരായ 20314 പേർക്ക് |

സബ്സിഡി ഇനത്തിൽ വെള്ള മണ്ണെണ്ണ അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഈ രണ്ട് പദ്ധതികൾക്കുംവേണ്ടി 2014-15-ൽ എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്നും അനുവദിച്ചിരുന്നുവെന്നും വിശദമാക്കാമോ; തന്നാണ്ടിൽ പിൻവലിക്കാതെ എത്ര തുക വീതം ട്രഷറിയിൽ അവശേഷിച്ചിരുന്നു വെന്ന് വ്യക്തമാക്കുമോ;

(ഇ) വെള്ള മണ്ണെണ്ണ സബ്സിഡിക്കും അടിസ്ഥാന വികസനത്തിനുമായി 2014-15-ൽ 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.25 കോടി രൂപ അടിസ്ഥാന വികസനത്തിനും, 11.75 കോടി രൂപ സബ്സിഡി നൽകുന്നതിനുമാണ്. തന്നാണ്ടിൽ അനുവദിച്ച തുക മുഴുവൻ പിൻവലിച്ചിട്ടു ണ്ട്.

(എഫ്) 2015-16 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയതും അനുവദിച്ചതുമായ തുക എത്രയാണ്; ചെലവഴിക്കാതെ ഇപ്പോഴും അവശേഷിക്കുന്ന തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

(എഫ്) 2015-16-ൽ പദ്ധതിയുടെ നടത്തിപ്പിനായി പദ്ധതി ഇതരയിനത്തിൽ ടോക്കൺ പ്രൊവിഷൻ ഉണ്ടായിരുന്നു. 2015-16 സാമ്പത്തിക വർഷം 4836 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടു ണ്ട്. അടുത്ത ഉപധനാഭ്യർത്ഥനയിൽ ടി തുക അനുവദിക്കുന്നതിനാ യുള്ള നടപടി സ്വീകരിച്ചു വരുന്നു

**സെക്ഷൻ ആഫീസർ**